KSFESA C I T U
# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION
**Reg. No. 180/71, Kottappuram Road, Thrissur - 4, Ph : 0487-2384321**
**(Affiliated to C.I.T.U. No. K. 1128)**
**E-mail : ksfesacitu@yahoo.co.in**
**Website : www.ksfesa.com**

President
A.K. Balan MLA
Mob : 9846361111

General Secretary
S. Muraleekrishna Pillai
Mob : 9446538432

**സർക്കുലർ : 4 / 2013** 05-11-2013

സഖാക്കളെ, സുഹൃത്തുക്കളെ,

സംഘടനയുടെ സംസ്ഥാന ഭാരവാഹിയോഗം 2011 നവംബർ മാസം 5-ാം തീയതി 10 മണിക്കും സംസ്ഥാനകമ്മറ്റി 11 മണിക്കും ആദരണീയനായ പ്രസിഡന്റ് സ: എ.കെ. ബാലൻ MLA യുടെ അദ്ധ്യക്ഷതയിൽ പാലക്കാട് CITU ജില്ലാകമ്മറ്റി ഓഫീസിൽ കൂടുക യുണ്ടായി.

**അനുശോചനം**

CPI നേതാവ് സ: വെളിയം ഭാർഗവൻ, കല്യാണി ടീച്ചർ, KSFE ജീവനക്കാരായ ബാലരാമപുരം ഈവനിംഗ് ശാഖയിലെ യൂണിറ്റ് കൺവീനർ സ: സുകുമാരൻ നായർ, മുഹമ്മ ശാഖയിലെ സ: ജിജിമോൾ, ഗുരുവായൂരിൽ കൊലചെയ്യപ്പെട്ട SFI നേതാവ് ഫാസിൽ തുടങ്ങി ഈ കാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞ മുഴുവൻ പേർക്കും ആദരാഞ്ജലികൾ അർപ്പിച്ചു.

ജനറൽ സെക്രട്ടറി അസുഖ ബാധിതനായതിനാൽ ജോയിന്റ് സെക്രട്ടറി പ്രവർത്തന റിപ്പോർട്ടവതരിപ്പിച്ചു, തുടർന്ന് പ്രസിഡന്റ് രാഷ്ട്രീയ റിപ്പോർട്ടിങ്ങും സ്ഥാപനത്തിൽ നിലനില്ക്കുന്നതും അടിയന്തിര പ്രാധാന്യമുള്ളതുമായ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് ജൂലൈമാസത്തിൽ നല്കിയ നിവേദനത്തിൽ ആവശ്യപ്പെട്ടതുമായ വിഷയങ്ങളിൽ മാനേജ്മെന്റ് കാണിക്കുന്ന നിഷേധനിലപാടിൽ അമർഷവും അടിയന്തിരമായിതന്നെ പ്രക്ഷോഭസമരത്തിലേക്കു നീങ്ങേണ്ടുന്നതിന്റെ ആവശ്യകതയും ചൂണ്ടിക്കാട്ടി. രാജ്യത്താകെ നടക്കുന്ന തൊഴിലാളി വിരുദ്ധ സമീപനങ്ങൾ, ആ സമീപനത്തെ മാറ്റിമറിച്ച് തൊഴിലാളി വർഗ്ഗ താൽപര്യം സംരക്ഷിക്കുന്നതിനുള്ള തുടർ സമരത്തിന്റെ അടുത്ത ഘട്ടമായി ഡിസംബർ 12-നു നടക്കുന്ന പാർലമെന്റ് മാർച്ച് വിജയിപ്പിക്കുന്നതിനുള്ള പ്രവർത്തന ങ്ങൾ എല്ലാം വിശദമായി അവതരിപ്പിച്ചു. തുടർന്ന് വിശദമായ ചർച്ചയും മറുപടിയും നൽകി.

**തീരുമാനങ്ങൾ**

1. **ശമ്പളപരിഷ്കരണവും ഇടക്കാലാശ്വാസം അനുവദിക്കലും**

   ശമ്പളപരിഷ്കരണ കരാർ 2012 ജൂലൈ 31-നു അവസാനിച്ചുവെങ്കിലും നാളിതുവരെയായിട്ടും പ്രാരംഭചർച്ചയ്ക്കു വിളിക്കു കയോ ഇടക്കാലാശ്വാസം നൽകുന്നതിനുള്ള നടപടിയോ സ്വീകരിക്കാത്ത മാനേജ്മെന്റ്/സർക്കാർ നിലപാട് തിരുത്തുന്നതിനു പ്രത്യക്ഷപ്രക്ഷോഭ സമരത്തിലേക്കു കടക്കുവാൻ തീരുമാനിച്ചു.

2. **ട്രാൻസ്ഫറും നിയമനങ്ങളും**

   ഒരു വർഷം അവസാനിക്കാറായിട്ടും അസിസ്റ്റന്റ് കേഡറിലെ ട്രാൻസ്ഫർ ഉത്തരവിറക്കുവാൻ കഴിഞ്ഞിട്ടില്ല. അതേസമയം ഭര ണാനുകൂല സംഘടനാംഗങ്ങൾക്ക് ദിവസേനയെന്നോണം സിംഗിൾ ഓർഡർ നൽകുന്നു. ഒരു വർഷത്തിലധികമായി വിദൂരപ്ര ദേശങ്ങളിൽ ജോലി ചെയ്തുവരുന്നവരെ സംഘടന നോക്കി പീഡിപ്പിക്കുന്ന മാനേജുമെന്റു നയം തിരുത്തുന്നതുവരെ തുടർപ്ര ക്ഷോഭം നടത്തുവാൻ തീരുമാനിച്ചു.

3. Despatch Assistant ന്റെ ജോലിയും ഉത്തരവാദിത്തവും നിർണ്ണയിച്ചു നൽകുന്ന കാര്യത്തിൽ യാതൊരു നടപടിയും നാളിതു വരെ സ്വീകരിച്ചിട്ടില്ല. ഇതു തികച്ചും പ്രതിഷേധാർഹമാണ്.

4. Office Attendant തസ്തികയിൽനിന്നും അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രമോഷൻ അനുപാതം 5%ൽ നിന്നും 10% ആക്കി ഉയർത്തിയ സർക്കാർ ഉത്തരവിൽ കമ്പ്യൂട്ടർ പരിജ്ഞാനം നിർബന്ധിതമാക്കിയതു ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരി ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയെങ്കിലും യാതൊരു തീരുമാനവും കൈക്കൊണ്ടിട്ടില്ല. അടിയന്തിര നടപടി ആവശ്യപ്പെടുന്നു.

5. ഓഫീസർ-വർക്കുമെൻ ജീവനക്കാരുടെ ട്രാൻസ്ഫർ നോംസിൽ വർക്കുമെൻ വിഭാഗത്തിന് ദോഷകരമായ ക്ലോസുകൾ ഭേദ ഗതി ചെയ്യണമെന്ന് ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ കൂട്ടായ ചർച്ച നടത്തുകയോ ഭേദഗതികൾ വരുത്തുകയോ ചെയ്തിട്ടില്ല. ഇത് തികച്ചും തൊഴിലാളി വിരുദ്ധമായ കാര്യമായി കണ്ടുകൊണ്ട് പ്രക്ഷോഭത്തിലേക്കു കടക്കുവാൻ തീരുമാനിച്ചു.

6. കഴിഞ്ഞ ശമ്പള പരിഷ്കരണ ഉത്തരവിൽ വർക്കുമെൻ ജീവനക്കാർക്കു മാത്രമായി നഷ്ടമായ ആനുകൂല്യങ്ങൾ പുനഃസ്ഥാ പിച്ചു നൽകുന്നതിന് നമ്മൾ മുഖ്യമന്ത്രിക്ക് നിവേദനം നൽകിയിരുന്നുവെങ്കിലും യാതൊരു നടപടിയും സ്വീകരിക്കാത്തത് പ്രതി ഷേധാർഹമാണ്.

7. അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ മാനേജ്മെന്റ് ഏകപക്ഷീയമായി വരുത്തിയ മാറ്റം പിൻവലിക്കണമെന്ന ആവശ്യമുയർത്തി നിയമനടപടിയിലേക്ക് കടക്കുവാൻ തീരുമാനിച്ചു.

**8. കേന്ദ്രം ചിട്ടിനിയമം '82**

കേന്ദ്രചിട്ടി നിയമം '82 നിലവിൽ വന്നതിലൂടെ KSFE ക്ക് ലഭിച്ചുകൊണ്ടിരുന്ന പല പ്രത്യേക ഇളവുകളും ഇല്ലാതായിരിക്കുകയാണ്. ഇതു സംബന്ധിച്ച് സംഘടനകളുമായി ചർച്ച നടത്തുകയും സർക്കാരിനെകൊണ്ടു നടപടി സ്വീകരിപ്പിക്കുകയും ചെയ്യണമെന്നാവശ്യപ്പെടുന്നു. മാത്രവുമല്ല, ഒരു ചിട്ടിമാത്രം രജിസ്റ്റർ ചെയ്യുവാൻ സർക്കാർ അനുമതി വാങ്ങുകയും അതിന്റെ മറവിൽ അനുവാദമില്ലാതെ സ്വകാര്യകമ്പനികളും വ്യക്തികളും രാഷ്ട്രീയ പിൻബലത്തോടെ തുടർചിട്ടികൾ രജിസ്റ്റർ ചെയ്തുവരുന്നതായി ശ്രദ്ധയിൽപെട്ടിരിക്കുന്നു. അടിയന്തിരമായി ഇടപെട്ടില്ലെങ്കിൽ നമ്മുടെ ബിസിനസിനെ കാര്യമായി ബാധിക്കുമെന്നതു മാത്രമല്ല പൊതുസമൂഹത്തേയും ബാധിക്കുമെന്ന വിഷയമായി മാറുകയും ചെയ്യും. അടിയന്തിരമായ ഇടപെടൽ വേണമെന്നാവശ്യപ്പെടുന്നു.

**9. അസിസ്റ്റന്റ് മാനേജർ തസ്തികയിലേക്കുള്ള പ്രമോഷൻ**

Assistant Manager തസ്തികയിലേക്കു റിട്ടയർമെന്റ്, പ്രമോഷൻ, ബിസിനസ് വളർച്ച, പുതിയ ബ്രാഞ്ചുകൾ തുടങ്ങിയതുൾപ്പെടെ വളരെയേറെ ഒഴിവുകൾ ഉണ്ടായിട്ടും ആനുപാതികമായ പ്രമോഷൻ നൽകുന്നകാര്യത്തിൽ ഗുരുതരമായ കൃത്യവിലോപം കാണിക്കുകയാണ് മാനേജ്മെന്റ്. പ്രമോഷൻ കാര്യത്തിൽ തികച്ചും തൊഴിലാളിവിരുദ്ധ സമീപനമാണ് മാനേജ്മെന്റും സർക്കാരും സ്വീകരിച്ചിരിക്കുന്നത്. ഇതിനെതിരെ സംഘടനാ ഭേദമെന്യെ ജീവനക്കാരുടെ കൂട്ടായ്മ ആവശ്യമാണ്.

**10. അഴിമതിയും ധൂർത്തും**

സ്ഥാപന ചരിത്രത്തിൽ നാളിതുവരെ കാണാത്ത അഴിമതിയും സ്വജനപക്ഷപാതവുമാണ് നടന്നുകൊണ്ടിരിക്കുന്നത്. ട്രാൻസ്ഫറിൽ തുടങ്ങി പർച്ചേയ്സ് ഉൾപ്പെടെ എല്ലാ രംഗത്തും അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുന്നു. അഴിമതിക്കു കൂട്ടുനിൽക്കാത്തവരെ പുകച്ചു പുറത്തുചാടിക്കാനുള്ള ശ്രമവും ആരംഭിച്ചുകഴിഞ്ഞു. വൈസ് ചെയർമാനും ചെയർമാനും ആരാണു കേമൻ എന്ന രീതിയിലാണ് ധൂർത്തു നടത്തികൊണ്ടിരിക്കുന്നത്. വ്യക്തിപരമായ കാര്യങ്ങൾവരെ കമ്പനിചിലവിൽ ചെയർമാനും ഉന്നത ഉദ്യോഗസ്ഥരും നടത്തിക്കൊണ്ടിരിക്കുന്നു. ഈ രീതിയിലുള്ള പകൽക്കൊള്ള സ്ഥാപനത്തെ എവിടെയെത്തിക്കുമെന്നു കണ്ടറിയേണ്ടിയിരിക്കുന്നു.

## ഹെഡ് ഓഫീസ് മാർച്ചും ധർണയും – 2013 ഡിസംബർ 3

കമ്പനിയുടെ നിലനില്പിനെപ്പോലും ചോദ്യം ചെയ്യുന്ന തരത്തിലുള്ളതും ജീവനക്കാരെ പ്രത്യക്ഷത്തിൽ ബാധിക്കുന്നതുമായ കാര്യങ്ങളിൽ മാനേജ്മെന്റ് കാണിക്കുന്ന നിസംഗത കയ്യുംകെട്ടി നോക്കിനില്ക്കുവാൻ ഉത്തരവാദിത്തപ്പെട്ട ഒരു സംഘടനയെന്ന നിലയിൽ നമുക്കു കഴിയില്ല. ജീവനക്കാരെ ഒന്നടങ്കം കൂട്ടിയോജിപ്പിച്ചുകൊണ്ടു ശക്തമായ സമരപരിപാടികൾ ആരംഭിക്കുവാൻ കമ്മറ്റി തീരുമാനിച്ചിരിക്കുകയാണ്. ആദ്യ പടിയെന്ന നിലയിൽ ഹെഡ്ഓഫീസിനു മുന്നിൽ 2013 ഡിസംബർമാസം 3-ാം തീയതി രാവിലെ 10 മുതൽ മാർച്ചും കൂട്ടധർണയും നടത്തുവാൻ തീരുമാനിച്ചിരിക്കുയാണ്. ധർണാസമരം സംഘടനയുടെ സംസ്ഥാന **പ്രസിഡന്റ് സഃ എ.കെ. ബാലൻ** MLA ഉദ്ഘാടനം ചെയ്യുന്നതാണ്. സംഘടനാ ഭേദ്യമെന്യെ മുഴുവൻ ജീവനക്കാരുടേയും പങ്കാളിത്തം ഇക്കാര്യത്തിൽ ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

സമരത്തിന്റെ മുന്നോടിയായി എല്ലാ ജില്ലാകമ്മറ്റികളും നവംബർ 20-നു മുമ്പായി ചേർന്ന് മുഴുവൻ ജീവനക്കാരുടെയും പങ്കാളിത്തത്തോടെ ജില്ലാ കൺവൻഷൻ നടത്തുകയും ബ്രാഞ്ചുസന്ദർശനം നടത്തി സമരത്തിനാധാരമായ കാര്യങ്ങൾ വിശദീകരിക്കേണ്ടതുമാണ്. കൺവൻഷനുകളിൽ CITU ജില്ലാ നേതൃത്വത്തിന്റെ ശക്തമായ സാന്നിദ്ധ്യവും ഉറപ്പുവരുത്തേണ്ടതാണ്. പ്രസിഡന്റ്, സെക്രട്ടറി, ഭാരവാഹികൾ എന്നിവർ കൺവൻഷനുകളിൽ സംബന്ധിക്കുന്നതാണ്.

**CITU പ്രവർത്തനഫണ്ട്**

CITU സംസ്ഥാന പ്രവർത്തനഫണ്ട് 20/11/2013 മുമ്പായി കളക്ടുചെയ്ത് സംസ്ഥാനകമ്മറ്റിക്ക് കൈമാറേണ്ടതാണ്. PT ജീവനക്കാർ 50/- രൂപയും മറ്റുള്ളവർ 100/- രൂപയുമാണ് നല്കേണ്ടത്

**ലെവിയും മറ്റിതര ഫണ്ടുകളും**

ഇൻസന്റീവ്/ബോണസ് ലെവിയും മാസവരിയും പൂർണ്ണമായും നല്കാത്ത കമ്മിറ്റികൾ 20/11/2013 നു മുമ്പായി സ്റ്റേറ്റുമെന്റ് സഹിതം കൈമാറേണ്ടതാണ്. ബന്ധപ്പെട്ട സംസ്ഥാനകമ്മറ്റിയംഗങ്ങളും ഭാരവാഹികളും ജില്ലാ കമ്മറ്റികളുമായി ബന്ധപ്പെട്ട് ഫണ്ട് കൈമാറിയെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

**ഡിസംബർ 12-ലെ പാർലമെന്റ് മാർച്ച്**

2013 ഡിസംബർ 12-ാം തീയതി ഇൻഡ്യയിലെ തൊഴിലാളികൾ ഒറ്റക്കെട്ടായി വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പാർലമെന്റിലേക്കു മാർച്ചു നടത്തുകയാണ്. നമ്മുടെ സംഘടനയെ പ്രതിനിധീകരിച്ച് സഖാക്കൾ എസ്. മുരളീകൃഷ്ണപിള്ള, ശിവദാസൻ എസ്., കേശവകുമാർ എന്നിവരെ പങ്കെടുപ്പിക്കുവാൻ തീരുമാനിച്ചു.

സഖാക്കളെ,

തൊഴിലാളി വർഗ്ഗം നേരിടുന്ന വെല്ലുവിളികൾ ചെറുതല്ല. ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ നമ്മെ ഒന്നടങ്കം ഇതു സാരമായി ബാധിക്കുന്നുവെന്നു തിരിച്ചറിവുണ്ടാകണം. പ്രതിലോമ ശക്തികളെ എല്ലാ രീതിയിലും ഒറ്റപ്പെടുത്തി അവകാശങ്ങൾ സംരക്ഷിച്ചു മുന്നേറേണ്ടതുണ്ട്. KSRTC യും KSEBയും നമ്മുടെ മുന്നിൽ ചോദ്യചിഹ്നങ്ങളായി നില്ക്കുന്നുവെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു പ്രവർത്തനം നമ്മുടെ സ്ഥാപനത്തിലും ഉണ്ടായില്ലെങ്കിൽ തിരിച്ചടിയുണ്ടാകുമെന്നത് തീർച്ചയാണ്. സ്ഥാപനത്തെ വില്പനചരക്കായും താല്ക്കാലിക ലാഭത്തിനുവേണ്ടി ഉപയോഗിക്കുന്നവരേയും ഒറ്റപ്പെടുത്തേണ്ടതാണ്. മത്സരിച്ചുള്ള അഴിമതിയും കെടുകാര്യസ്ഥതയും ചോദ്യംചെയ്യപ്പെടുകയും വേണം. സ്ഥാപനത്തെയും സമൂഹത്തേയും സ്നേഹിക്കുന്നവരെന്ന നിലയിൽ ഉണർന്നു പ്രവർത്തിക്കണമെന്നാഹ്വാനം ചെയ്യുന്നു.

അഭിവാദനങ്ങളോടെ,

ജനറൽ സെക്രട്ടറി

**KSFE സ്റ്റാഫ് അസ്സോസിയേഷൻ (CITU)**